**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - സൈനിക സേവനത്തിനിടെ പരിക്കേറ്റ് സേനയിൽ നിന്നും വിരമിച്ച CRPF ജവാൻ ശ്രീ.അജിത്ത് കുമാർ.പി -യ്ക്ക് ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നുള്ള സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(കൈ)നം.24/2022/സൈ.ക്ഷേ.വ തീയതി, തിരുവനന്തപുരം:04.07.2022**

പരാമർശം:- 1. 29.06.1999 ലെ സ.ഉ.(പി) 450/99/പൊ.ഭ.വ നമ്പർ ഉത്തരവ്.
2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 21.04.2022 ലെ ബി-6/78732/CMSWF/2021/DSW നമ്പർ കത്ത്.

## ഉത്തരവ്

സി.ആർ.പി.എഫ് സേവനത്തിനിടെ ഛത്തീസ്ഗഡിലെ ദന്തേവാഡ ജില്ലയിൽ വച്ച് നക്സലൈറ്റുകളുമായുണ്ടായ ഏറ്റുമുട്ടലിൽ ഡിസെബിലിറ്റി സംഭവിച്ച സി.ആർ.പി.എഫ് ജവാൻ ശ്രീ.അജിത്ത് കുമാർ.പി, ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത അപേക്ഷ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 2 പ്രകാരം, ബന്ധപ്പെട്ട രേഖകൾ സഹിതം, സർക്കാരിന്റെ പരിഗണനയ്ക്കായി അയയ്ക്കുകയുണ്ടായി.

പ്രസ്തുത നിർദ്ദേശം, ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയുടെ ഭരണവുമായി ബന്ധപ്പെട്ട പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

ശ്രീ.അജിത്ത് കുമാർ.പി-യ്ക്ക് ഛത്തീസ്ഗഡിലെ ദന്തേവാഡ ജില്ലയിൽ വച്ചു നടന്ന നക്സലൈറ്റുകളുമായുണ്ടായ ഏറ്റുമുട്ടലിൽ വെടിയേൽക്കുകയും 57.74% ശാരീരിക പരിമിതിയോടുകൂടി സേനയിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതുമാണ് എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത അത്യാഹിതം ഫീൽഡ് ഏരിയായിൽ വച്ച് സംഭവിച്ചതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

(....2)

ഈ സാഹചര്യത്തിൽ ഛത്തീസ്ഗഡിലെ ദന്തേവാഡ ജില്ലയിൽ വച്ച് നടന്ന നക്സലൈറ്റുകളുമായുണ്ടായ ഏറ്റുമുട്ടലിൽ പരിക്കേറ്റ് ശാരീരിക പരിമിതികളോടുകൂടി സി.ആർ.പി.എഫ് സേവനത്തിൽ നിന്നും വിരമിക്കേണ്ടി വന്ന സി.ആർ.പി.എഫ് ജവാൻ ശ്രീ.അജിത്ത് കുമാർ.പി -യ്ക്ക് ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും **60,000/- രൂപ (അറുപതിനായിരം രൂപ മാത്രം)** സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി തുക പ്രസ്തുത ഫണ്ടിന്റെ ട്രഷററും മെമ്പറുമായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, അപേക്ഷകന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാവേലിക്കര ശാഖയിലെ **30229697269 (IFSC Code SBIN0008645)** നമ്പർ അക്കൗണ്ടിലേയ്ക്ക് ഇലക്ട്രോണിക് മണി ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.താരാ ദേവി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്-

1. അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യ വകുപ്പ്), മെമ്പർ & ട്രഷറർ,
   ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധി.
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
3. ശ്രീ.അജിത്ത് കുമാർ.പി, അജിത്ത് ഭവൻ, കരിപ്പുഴ.പി.ഒ, മാവേലിക്കര-690 103.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
6. ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ